**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 69** **31-01-2024 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ), ശ്രീ. എം. എം. മണി, ശ്രീ സി കെ ഹരീന്ദ്രൻ, ശ്രീ. ആന്റണി ജോൺ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ബഫർ സോൺ വിഷയത്തിൽ സംസ്ഥാന സർക്കാർ നൽകിയ പുനഃപരിശോധന ഹർജിയിന്മേൽ സുപ്രീം കോടതി തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ബഹു. സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ കേസ്സിലെ IA 1000/2003 നമ്പർ ഹർജിയിലെ 03.06.2022-ലെ വിധിയിൻമേൽ സംസ്ഥാന സർക്കാർ പുന:പരിശോധനാ ഹർജ്ജി ബഹു. സുപ്രീം കോടതി മുൻപാകെ സമർപ്പിച്ചിരുന്നു. ഈ ഹർജിയിലും 03.6.2022-ലെ ബഹു. സുപ്രീം കോടതിയുടെ വിധിയും പരിഷ്ക്കരിച്ചുകൊണ്ടുമുള്ള 26.4.2023 ലെ ഉത്തരവിൽ വ്യക്തമാക്കിയ എല്ലാ നിർദ്ദേശങ്ങളും കണ്ടെത്തലുകളും സംസ്ഥാനത്തിന് അനുകൂലമാക്കിക്കൊണ്ട് 5.12.2023-ന് തീർപ്പ കൽപ്പിച്ചിട്ടുള്ളതാണ്. പുന:പരിശോധനാ ഹർജി ബഹു. സുപ്രീം കോടതിയിൽ ലിസ്റ്റ് ചെയ്തു ബഹു.കോടതിയുടെപരിഗണനക്കായി വരുമ്പോഴുള്ള കാലതാമസം ഒഴിവാക്കുന്നതിനായി, ടി വിധിയിൻമേൽ സംസ്ഥാന സർക്കാരിന്റെ പുന:പരിശോധനാ ഹർജിയിൽ ആവശ്യപ്പെട്ട സമാന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേന്ദ്ര സർക്കാർ IA No. 1313/77/2022ഹർജി നൽകി. ഈ ഹർജിയിലും സംസ്ഥാനം കക്ഷിചേരുകയും 26.04.2023-ന് ടി IA-ൻമേൽ ബഹു. സുപ്രീം കോടതി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ആവശ്യങ്ങൾ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. |
| (ബി) | ജനവാസ മേഖലകൾ ബഫർ സോൺ പരിധിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | ബഹു. സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ IA 1000/2023 നമ്പർ ഹർജിയിലെ 03.06.2022-ലെ വിധി പ്രകാരം, എല്ലാ സംരക്ഷിതപ്രദേശങ്ങളുടേയും (ദേശീയോദ്യാനങ്ങളുടേയും വന്യമൃഗസങ്കേതങ്ങളുടേയും) അടയാളപ്പെടുത്തിയിട്ടുള്ള അതിരിൽ നിന്നും ഏറ്റവും കുറഞ്ഞത് ഒരു കിലോമീറ്റർ ദൂരത്തിൽ ഇക്കോ |

| | | | |
|---|---|---|---|
| | | | സെൻസിറ്റീവ് സോൺ ബാധകമാക്കി ഉത്തരവായിരുന്നു.<br><br>ബഹു. സുപ്രീം കോടതിയുടെ WP(C)202/1995 നമ്പർ കേസിലെ IA 1000/2023 നമ്പർ ഹർജിയിലെ 03.06.2022-ലെ വിധിയിൻമേൽ സംസ്ഥാന സർക്കാർ സമർപ്പിച്ച പുന:പരിശോധനാ ഹർജിയിൽ ആവശ്യപ്പെട്ട സമാന ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് കേന്ദ്രസർക്കാർ IA.131377/2022 നൽകി. ഈ ഹർജിയിൽ സംസ്ഥാനവും കക്ഷി ചേരുകയും 26.04.2023-ന് ടി IA-യിൻമേൽ ബഹു. സുപ്രീം കോടതി കേന്ദ്രസർക്കാരിന്റെയും സംസ്ഥാനസർക്കാരിന്റെയും ആവശ്യങ്ങൾ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തു.<br><br>26.04.2023-ലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് അനുസരിച്ച്, കരട്/അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള ഇക്കോ സെൻസിറ്റീവ് സോണിനും, കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ, വ്യതിയാന മന്ത്രാലയത്തിന്റെ പരിഗണനയിലിരിക്കുന്ന ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾക്കും 03.06.2022-ലെ വിധി ബാധകമല്ലായെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മാത്രമല്ല, സംരക്ഷിതപ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കുമ്പോൾ ഏകീകൃതരീതിയിൽ നിശ്ചിത ദൂരത്തിൽ പ്രഖ്യാപിക്കാൻ കഴിയില്ലായെന്നും ഓരോ സംരക്ഷിതപ്രദേശങ്ങൾക്കുമനുസൃതമായ രീതിയിൽ മാത്രമേ ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കാവൂ എന്നും ബഹു. സുപ്രീം കോടതി 26.04.2023-ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.<br><br>ഇത്തരത്തിൽ ഓരോ സംരക്ഷിത പ്രദേശങ്ങൾക്കുമനുസൃതമായി സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ, കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നിർമ്മാണ പ്രവർത്തനങ്ങൾക്കും കൃഷിക്കും അനുമതി നൽകണമെന്ന ആവശ്യം നിയമപരമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | IA 131377/2022-ൽ ബഹു. സുപ്രീം കോടതി 26.04.2023-ന് പുറപ്പെടുവിച്ച വിധിയിൽ ഇക്കോ സെൻസിറ്റീവ് സോൺ പ്രാവർത്തികമാക്കുന്നത് പൗരൻമാരുടെ ദൈനംദിനപ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിനു വേണ്ടിയാകരുതെന്ന് ബഹു. |

| | | | |
|---|---|---|---|
| | | | കോടതി നിർദ്ദേശിച്ചിട്ടുള്ളതാണ്. കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് 09.02.2011-ന് പുറപ്പെടുവിച്ച F.No.1-9/2007wl-I(pt) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഇക്കോ സെൻസിറ്റീവ് സോണിൽ കൃഷിയും നിർമ്മാണപ്രവർത്തനങ്ങളും നടത്തുന്നതിന് തടസ്സമില്ലായെന്നു ബഹു. സുപ്രീം കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്. ക്വാറികൾ, വൻകിട വ്യവസായങ്ങൾ എന്നിവയ്ക്കാണ് കർശന നിയന്ത്രണങ്ങൾ ഉള്ളത്. |
| (ഡി) | ക്വാറികൾക്കും ഖനികൾക്കും നിലവിലുള്ള നിയന്ത്രണത്തിൽ ഏതെങ്കിലും ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ബഹു. സുപ്രീം കോടതിയുടെ WP(C)202/1995 നമ്പർ കേസിലെ IA 131377/22 നമ്പർ ഹർജിയിലെ 26.04.2023-ലെ വിധി പ്രകാരവും IA 3949/2016 നമ്പർ ഹർജിയിലെ 28.04.2023-ലെ വിധി പ്രകാരവും സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഒരു കി.മീ. മേഖലയിലും, ഇക്കോസെൻസിറ്റീവ് സോണിലും ഖനന പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതിയില്ല. |

സെക്ഷൻ ഓഫീസർ